# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 797 — 09.11.2016- ൽ മറുപടിയ്ക്ക്

## സഹകരണ ആശുപത്രികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ.വിജയൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>" മുഹമ്മദ് മുഹസിൻ.പി | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സഹകരണ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരോഗ്യരംഗത്ത് ഇവയുടെ പങ്ക് വ്യക്തമാക്കുമോ; | (എ) സഹകരണ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ആശുപത്രികൾ, മെഡിക്കൽ സെന്ററുകൾ, ഡിസ്പെൻസറികൾ എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി, ആധുനിക സാങ്കേതികമാർഗ്ഗങ്ങൾ ഉപയോഗിച്ച് ചികിത്സാ സേവനം മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനും ജീവനക്കാർക്ക് മെച്ചപ്പെട്ട സേവനഘടനയും പ്രവർത്തനാനുമതിയും ഉറപ്പ് വരുത്തുന്നതും സംബന്ധിച്ച് പഠിച്ച് സർക്കാരിന് റിപ്പോർട്ട് നൽകുന്നതിന് 04.02.2013 ലെ 70/2013/സഹ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു 4 അംഗ പഠന കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പഠന കമ്മിറ്റി കേരളത്തിലെ സഹകരണ ആശുപത്രികൾ പ്രവർത്തിക്കുന്ന ഭൂരിപക്ഷം ജില്ലകളിലെ ആശുപത്രികൾ സന്ദർശിക്കുകയും ആശുപത്രി സഹകരണ സംഘം ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ, അവരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തുകയും ചെയ്തിട്ടുണ്ട്. ആശുപത്രി സംഘങ്ങൾക്കെല്ലാം ഏറെക്കുറേ പൊതുപ്രശ്നങ്ങളാണ് ഉള്ളത്. എന്നാൽ ചില കാര്യങ്ങളിൽ ഓരോ ആശുപത്രികൾക്കും പ്രത്യേകം ബാധകമായ പ്രശ്നങ്ങളുണ്ട്. അപ്രകാരം സഹകരണ സംഘങ്ങളുടെ ഭാരവാഹികളുടെയും ജിവനക്കാരുടെയും നിവേദനങ്ങൾ പരിഗണിക്കുകയും ചർച്ചകൾ നടത്തിയതിന്റെയും അടിസ്ഥാനത്തിൽ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിൽ ഒരു പ്രധാന |

മേഖലയായി ആരോഗ്യമേഖല വളരുകയാണ്. ഈ മേഖലയിലെ ഗുണപരമല്ലാത്ത മത്സരവും ചൂഷണവും അവസാനിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനും ഒരു പരിധി വരെ സഹകരണ ആശുപത്രികൾക്ക് കഴിയുന്നുണ്ട്.

ബി) പ്രസ്തുത ആശുപത്രികളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും നൂതന ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സർക്കാരിൽ നിന്ന് നികുതിയിളവോ മറ്റെന്തെങ്കിലും ആനുകൂല്യങ്ങളോ നൽകുന്നത് പരിഗണിക്കുമോ?

(ബി) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും നൂതന ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും താഴെപ്പറയുന്ന സംസ്ഥാന സർക്കാരിന്റെ പദ്ധതികൾ പ്രകാരവും കേന്ദ്ര ആവിഷ്കൃത പദ്ധതികൾ പ്രകാരം എൻ.സി.ഡി.സി, നബാർഡ് എന്നിവ മുഖേനയും ധനസഹായം നൽകി വരുന്നു.

**സംസ്ഥാന പദ്ധതികൾ**

1. ആംബുലൻസ് വാങ്ങുന്നതിനുള്ള സബ്സിഡി
2. ജില്ലാ സഹകരണ ആശുപത്രി സംഘങ്ങൾക്ക് ആധുനികവൽക്കരണത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിനും പാരാ മെഡിക്കൽ കോഴ്സുകൾ നടത്തുന്നതിനുമുള്ള ധനസഹായം
3. ഓഹരി മൂലധന സഹായം
4. രോഗ നിർണ്ണയത്തിനുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം
5. താലൂക്ക്/ജില്ലാ ആശുപത്രികൾക്ക് ആധുനിക മെഡിക്കൽ ലാബ്/ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന് സഹായം

**എൻ.സി.ഡി.സി പദ്ധതി**

1. മാർജിൻ മണി ധനസഹായം
2. പ്രവർത്തന മൂലധന സഹായം
3. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ധനസഹായം

**നബാർഡ് പദ്ധതി**

നബാർഡ് പദ്ധതി പ്രകാരം ആശുപത്രികളുടെ വിപുലീകരണത്തിന് വേണ്ടിയുള്ള ധനസഹായം

ആദായനികുതിയിൽ നിന്ന് ഇളവ് അനുവദിക്കുന്നതിനും പണയാധാരം രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിൽ നിന്നും കേരള ബിൽഡിംഗ് ടാക്സ്

........3

ചട്ടങ്ങളിൽ നിന്നും സഹകരണ ആശുപത്രി സഹകരണ സംഘങ്ങളെ ഒഴിവാക്കുന്നതിനും വൈദ്യുതി, വെള്ളം നിരക്കുകൾ ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് അനുവദനീയമായ നിരക്കിൽ അനുവദിക്കുന്നതിനുമുള്ള പഠനകമ്മിറ്റിയുടെ ശുപാർശകൾ പരിശോധിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**